# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 05

മാർച്ച് 08 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച്

## സ്ത്രീശാക്തീകരണ സൈക്കിൾ റാലി

ശാനിബ ടി



സ്ത്രീശാക്തീകരണ സന്ദേശവുമായി ഡോൺബോസ്കോ കോളേജ് വിദ്യാർത്ഥികൾ സൈക്കിൾ റാലിക്ക് തുടക്കം കുറിക്കുന്നു

അങ്ങാടിക്കടവ്:അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീ ശാക്തീകരണ സന്ദേശവുമായി ഡോൺബോസ്കോ ആർട്ട്സ് ആൻഡ് സയൻസ് കോളേജ് സൈക്കിൾക്കൂട്ടം ബോധവത്കരണ സൈക്കിൾ റാലി നടത്തി. കോളേജ് അങ്കണത്തിൽ നിന്നും തുടങ്ങിയ റാലി കരിക്കോട്ടക്കരി ടൗണിൽ അവസാനിച്ചു. നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആരംഭിച്ച സൈക്കിൾക്കൂട്ടം തേവര സേക്രട്ട് ഹാർട്ട് കോളേജ് മുൻ പ്രിൻസിപ്പലും 'ഡിസ്കവറിംങ് ഇന്ത്യ ബൈക്ക് റൈഡറു'മായ ഫാ. പ്രശാന്ത് പാലക്കാപ്പിള്ളിൽ ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ഫ്രാൻസിസ് കാരക്കാട്ട് ബോധവത്കരണ റാലി ഫ്ളാഗ് ഓഫ് ചെയ്തു.

'മോട്ടോർ വാഹന ഉപയോഗം പരിമിതപ്പെടുത്തി സമീപ യാത്രകൾക്ക് സൈക്കിൾ ഉപയോഗിക്കുമ്പോൾ പരിസ്ഥിതി മലിനീകരണത്തെ തടയാൻ ഒരു പരിധിവരെ സഹായിക്കും. അതോടൊപ്പം തന്നെ ആരോഗ്യം നിലനിർത്താനും സൈക്കിൾ ഉപയോഗം കൊണ്ട് സാധ്യമാകും'. ഫാ. പ്രശാന്ത് പാലക്കാപ്പിള്ളിൽ പറഞ്ഞു.

പതിനഞ്ചു സൈക്കിളുകളിലും മറ്റു വാഹനങ്ങളിലുമായി ഇരുപത്തഞ്ചോളം ആളുകളാണ് റാലിയിൽ പങ്കെടുത്തത്. സ്ത്രീ സമത്വത്തെയും അവരുടെ ആവശ്യകതകളെയും ചൂണ്ടിക്കാട്ടി കരിക്കോട്ടക്കരി ടൗണിൽ വച്ച് നടന്ന സമാപന സമ്മേളനത്തിൽ നേച്ചർ ക്ലബ്ബ് അംഗങ്ങൾ സംസാരിച്ചു. 'സ്ത്രീ സുരക്ഷയും സമത്വവും തുടങ്ങേണ്ടത് തെരുവുകളി ലോ ജനസദസ്സുകളിലോ അല്ല, മറിച്ച് നമ്മുടെയെല്ലാം അടുക്കളകളിൽ നിന്നാണ്. നമ്മുടെ വീടുകളിൽ നിന്നു തന്നെയാവട്ടെ സ്ത്രീ സുരക്ഷയുടെയും ശാക്തീകരണത്തിന്റെയും ജനനം. അത്തരത്തിലൊരു തിരിച്ചറിവിലേക്ക് ഇന്നത്തെ സമൂഹത്തെ എത്തിക്കുന്നതിനു ഇത്തരം ബോധവത്കരണ യാത്രകൾകൊണ്ട് സാധിക്കും'. നേച്ചർ ക്ലബ് അംഗം ഫാത്തിമത്തുൽ അഹല പറഞ്ഞു.

പ്രകൃതി സൗഹൃദ യാത്രകൾക്ക് പ്രോത്സാഹനം നൽകുന്നതിനും മനസ്സും ശരീരവും ആരോഗ്യകരമാക്കുക എന്ന ലക്ഷ്യത്തോടെയുമാണ് സൈക്കിൾക്കൂട്ടം രൂപീകരിച്ചത്. ഡോൺ ബോസ്കോ ഇനിഷ്യേറ്റീവ്സ് ഫോർ സോഷ്യൽ ആക്ഷൻ (ദിശ)യുടെ നേതൃത്വത്തിൽ ഡ്രീം പ്രോജക്ട്, ജീസസ് യൂത്ത്, എൻ എസ് എസ് തുടങ്ങിയവരാണ് ഈ സംരംഭത്തിന് പിന്തുണ നൽകുന്നത്.

സൈക്കിൾക്കൂട്ടം മാർഗരേഖ പ്രകാരം ആരോഗ്യ ഗുണങ്ങൾക്കു പുറമേ മുഴുവൻ പെൺകുട്ടികൾക്കും സൈക്കിൾ സാക്ഷരത ഉറപ്പ് വരുത്തുക, പരിസ്ഥിതി പഠന യാത്രകൾ, ബോധവത്കരണ റാലികൾ, സമീപ സ്കൂളുകളിൽ സൈക്കിൾ ക്ലബ് രൂപീകരണം, തെരുവു നാടകങ്ങൾ തുടങ്ങിയ കർമ്മ പരിപാടികൾ പ്ലാൻ ചെയ്യുന്നുണ്ട്. സൈക്കിൾക്കൂട്ടം ഇൻ ചാർജ്ജ് പി കെ നിതിൻകുട്ടൻ പറഞ്ഞു.

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

നയന എം നായർ

അങ്ങാടിക്കടവ്:പതിമൂന്നാമത് പഞ്ചവത്സര പദ്ധതിയുടെയും അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിന്റെ നാലാമത് വാർഷിക പദ്ധതിയുടെയും ഭാഗമായി വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി. ബി പി എൽ വിഭാഗത്തിൽപ്പെട്ട അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള വയോധികർക്കാണ് സൗജന്യമായി മെഡിക്കൽ ക്യാമ്പ് ഒരുക്കിയത്. 2022 ഫെബ്രുവരി 22, 23 തിയതികളിലായിരുന്നു ക്യാമ്പ്. പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ആവശ്യക്കാർക്ക് കണ്ണടയും കേൾവി സഹായിയും നൽകി.



സൗജന്യ പരിശോധന ക്യാമ്പിൽ പങ്കെടുക്കുന്ന വയോധിക

'ക്യാമ്പിനോടുള്ള തദ്ദേശവാസികളുടെ പ്രതികരണം ആവേശകരമായിരുന്നു. അറുപത്തിയെട്ട് വയോധികർ കേൾവി പരിശോധനക്കും 32 പേർ കാഴ്ച പരിശോധനക്കും എത്തി ' . ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

അയ്യൻകുന്ന് പഞ്ചായത്ത് മീറ്റിങ് ഹാളിൽ ഫെബ്രുവരി 23 ാം തിയതി കാഴ്ച പരിശോധന സംഘടിപ്പിച്ചു. 'സാധാരണക്കാരായ ജനങ്ങൾക്ക് സൗജന്യ പരിശോധന ക്യാമ്പ് ഒരുക്കിയത് വളരെ സഹായകരമാണ്. വീടിനടുത്ത് ആയതിനാൽ അധിക ദൂരം സഞ്ചരിക്കാതെ തന്നെ പരിശോധനക്ക് വരാൻ കഴിഞ്ഞു'. കാഴ്ച പരിശോധനക്ക് എത്തിയ കല്യാണി തയ്യിൽ പറഞ്ഞു.

ഫെബ്രുവരി 22 ന് രാവിലെ10 മണിക്ക് കരിക്കോട്ടക്കരി പി എച്ച് സിയിൽ വെച്ച് ക്യാമ്പിന്റെ പഞ്ചായത്തുതല ഉദ്ഘാടനം പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി തോമസ്, കരിക്കോട്ടക്കരി പി എച്ച് സി മെഡിക്കൽ ഓഫിസർ ഡോ.ദിവ്യ, വാർഡ് മെമ്പർമാരായ സിന്ധു ബെന്നി, ജോസഫ് വട്ടക്കുളം, ബീന റോജസ്, മിനി വിശ്വനാഥൻ, ഷാജി തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് കേൾവി പരിശോധനയും കാഴ്ച്ച പരിശോധനയും നടത്തി.

അങ്ങാടിപത്രം 08/03/2021 - 08/03/2022

കൈപിടിച്ചു നടന്ന നടത്തിയ 1 വർഷം

നന്ദിയോടെ എഡിറ്റോറിയൽ ടീം...

## ഹോണസ്റ്റി ഷോപ്പ് ഉദ്ഘാടനം ചെയ്തു

റിം താഹി നാബം

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ക്യാമ്പസിനുള്ളിൽ ആരംഭിച്ച ഹോണസ്റ്റി ഷോപ്പ് പ്രിൻസിപ്പൽ ഫാ. ഫ്രാൻസിസ് കാരക്കാട്ട് ഉദ്ഘാടനം ചെയ്തു. 'വിദ്യാർത്ഥികളിൽ സത്യസന്ധത പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ് ഹോണസ്റ്റി ഷോപ്പ് ആരംഭിച്ചിരിക്കുന്നത്. സ്ഥാപനത്തിന്റെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ സത്യസന്ധതയെ പ്രോത്സാഹിപ്പിക്കുന്നതിൽ ജീസസ് യൂത്ത് വളരെ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. ഇത്തരം നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതു മുഖേന പ്രാർത്ഥനയോടൊപ്പം തന്നെ മാനുഷിക മൂല്യങ്ങളുടെ വിലയും സമൂഹത്തിന് മുന്നിൽ അവർ തുറന്നുകാട്ടുന്നു'. പ്രിൻസിപ്പൽ പറഞ്ഞു.

സ്റ്റോർ കീപ്പർ ഇല്ലാത്തതിനാൽ ആവശ്യമുള്ള സാധനം എടുത്ത ശേഷം അതിന്റെ തുക ബോക്സിൽ നിക്ഷേപിക്കുകയോ ഓൺലൈൻ പേയ്മെന്റ് നടത്തുകയോ ചെയ്യാവുന്ന രീതിയിൽ പ്രവർത്തിക്കുന്നു എന്നതാണ് ഷോപ്പിന്റെ സവിശേഷത. കൂടാതെ ആവശ്യ സാധനങ്ങൾ വാങ്ങാൻ മറ്റ് സ്റ്റേഷനറി ഷോപ്പുകളെ ആശ്രയിക്കേണ്ട എന്നതും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാകുന്നു.

വിദ്യാർത്ഥികൾക്ക് അസൈൻമെന്റ് പൂർത്തിയാക്കാൻ എ4 ഷീറ്റുകളുടെ കുറവ് തടസ്സമായതിനെ തുടർന്നാണ് ക്യാമ്പസിനുള്ളിൽ ഒരു സ്റ്റേഷനറി ഷോപ്പ് എന്ന ആശയം ഉണ്ടായത്. ജീസസ് യൂത്ത് ആത്മീയ ഗുരു ഫാ. ജോയ് വാതല്ലൂർ മുഖേനയാണ് ഷോപ്പിനായുള്ള പ്രാരംഭ ഫണ്ട് സ്വരൂപിച്ചത്. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനായി ജീസസ് യൂത്ത് അംഗങ്ങൾ കോളേജിൽ ഐസ്ക്രീം സ്റ്റാൻഡ് സ്ഥാപിച്ചിട്ടുണ്ട്.

'നിലവിൽ കടയിലെ സാധനങ്ങൾക്കായി പതിനായിരം രൂപയാണ് ചിലവായത്. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും. ക്യാമ്പസിനുള്ളിൽ വെൻഡിംഗ് മെഷീനുകളും വിദ്യാർത്ഥികൾ നൽകിയ വസ്ത്രങ്ങൾ ഉപയോഗിച്ച് ഡ്രസ് ബാങ്കും നിർമ്മിക്കുന്നത് പോലെയുള്ള പ്രവർത്തനങ്ങളും ജീസസ് യൂത്ത് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.' ജീസസ് യൂത്ത് അംഗമായ ഫാ. എം. ടി. ജോജോ പറഞ്ഞു.

## എഡിറ്റോറിയൽ

# നിലനിൽപ്പിന്റെ നിലപാടുകൾ

സ്ത്രീ സുരക്ഷയും സ്വാതന്ത്ര്യവും സമത്വവും ചർച്ചചെയ്യപ്പെടുന്ന വനിതാ ദിനങ്ങൾ ഒരുപാട് കഴിഞ്ഞു. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ വനിതാ ദിനത്തിൽ ഒന്നു പിന്നിലേക്ക് നടക്കുകയാണ്. മേലാള സമുദായത്തിന്റെ ആജ്ഞകൾക്കപ്പുറമായി സ്വന്തം മാറു മറയ്ക്കാനും ആഭരണങ്ങളണിയാനും പിന്നീടങ്ങോട്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ബ്രട്ടീഷുകാർക്കെതിരെ പോരാടാനും തുനിഞ്ഞിറങ്ങിയ മുഖങ്ങൾ ചരിത്രത്തിൽ പതിഞ്ഞു കിടപ്പുണ്ട്

ഇടയ്ക്കെവിടെയോ വച്ച് സമൂഹത്തിന്റെ മതിൽക്കെട്ടിനുള്ളിൽ നിലപാടുകളില്ലാതെ തളയ്ക്കപ്പെട്ടവളായി സ്ത്രീ. പുരോഗമനത്തിന്റെയും വികസനത്തിന്റെയും പുതിയ ലോകം കുറേക്കൂടി സമത്വസുന്ദരമാണെങ്കിലും സ്വപ്നങ്ങൾ കുഴിച്ചുമൂടി അതിനു മുകളിൽ സദാചാരത്തിന്റെ ഭീമൻകല്ലും കെട്ടി ആഴത്തിലേക്കെറിയപ്പെടുന്ന വലിയൊരു വിഭാഗമുണ്ടിവിടെ.

സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങളും അതിക്രമങ്ങളും ഇന്നും അറുതിയില്ലാതെ തുടരുന്നത് നമ്മുടെ സമൂഹത്തനേറ്റ വലിയ ക്ഷതമാണ്. സ്ത്രീകൾ ആരുടെയും അടിമകളോ ഉടമകളോ അല്ല. അവർക്ക് സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള അവസരങ്ങൾ നൽകുമ്പോഴാണ് സ്ത്രീ സ്വാതന്ത്ര്യം പൂർണതയിലേക്ക് എത്തുന്നത്. ഈ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാകട്ടെ ഈ വനിതാ ദിനം.

എഡിറ്റർ

# അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

**അനഘ കെ ടി**



ഇരുപത് വർഷങ്ങൾക്ക് മുൻപ് പതിനഞ്ചോളം പേർ ഒരു യൂണിറ്റായി പ്രവർത്തനം തുടങ്ങിയ കുടുംബശ്രീ, മെഡിക്കൽ ലാബും, ജനകീയ ഹോട്ടലുമടങ്ങുന്ന വികസന മുന്നേറ്റങ്ങളുമായി അയ്യൻകുന്നിൽ സജീവമാകുമ്പോൾ ഓർത്തിരിക്കേണ്ട ഒരു പേര്.... മേരി വാഴംപ്ലാക്കൽ. അയ്യൻക്കുന്ന് നിവാസികളുടെ മേരി ചേച്ചി.

കീഴ്പ്പള്ളി പാറശ്ശേരിൽ വീട്ടിൽ തോമസിന്റെയും ഏലിക്കുട്ടിയുടെയും മകളായി ജനിച്ച മേരി തലശ്ശേരി സോഷ്യൽ സർവ്വീസിന്റെ (TSS) 'അമ്മയും കുഞ്ഞും' എന്ന പ്രോഗ്രാമിലൂടെയാണ് പൊതു പ്രവർത്തനത്തിലേക്ക് കടന്നു വന്നത്. 'മക്കളുടെ പഠനവും മറ്റു കുടുംബകാര്യങ്ങളും ചുമലിലായതോടെ സ്വന്തം കാലിൽ നിൽക്കാനും പ്രശ്നങ്ങളെ നേരിടാനുമുള്ള ശ്രമം തുടങ്ങി. സമൂഹത്തിൽ എന്നെപ്പോലെ കുടുംബഭാരം ചുമക്കേണ്ടി വരുന്ന ഒരുപാട് സ്ത്രീകൾ ഉണ്ടാവും. അവർക്ക് ഒരു മാതൃകയാകാനും വരുമാന മാർഗ്ഗം കണ്ടെത്താൻ അവരെ സ്വയം പ്രാപ്തരാക്കാനും വേണ്ടിയാണ് പൊതുപ്രവർത്തന മേഖലയിലേക്ക് വന്നത്. മേരി ചേച്ചി ഓർത്തെടുക്കുന്നു.

2002 ൽ ടി എസ് എസിന്റെ എൺപത് ഗ്രൂപ്പുകളെ കുടുംബശ്രീ ആക്കിയതു മുതൽ കുടുംബശ്രീയിൽ സജീവമായി പ്രവർത്തിച്ചു തുടങ്ങി. കുടുംബശ്രീക്ക് ഒപ്പം തന്നെ ഒരു സി ഡി എസ് അംഗംമായും, എൽ ഐ സി ഏജന്റായും തന്റെ പ്രവർത്തന മികവ് തെളിയിച്ചു. സ്ത്രീകൾക്ക് സാമ്പത്തികമായ ഒരു അടിത്തറ വേണമെന്ന ഉത്തമ ബോധ്യമാണ് അയ്യൻകുന്നിലെ ഓരോ സ്ത്രീയെയും കുടുബശ്രീ സംരംഭത്തിലേക്ക് മുന്നിട്ടിറക്കാൻ പ്രേരകമായത്.

നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനം 2008 ൽ കുടുംബശ്രീ ചെയർപേഴ്സൺ സ്ഥാനത്തേക്ക് മേരിചേച്ചിയെ എത്തിച്ചു. മൂന്ന് വർഷം ചെയർപേഴ്സൺ സ്ഥാനത്ത് നിന്നുകൊണ്ട് നിരവധി സംരംഭങ്ങൾ തുടങ്ങാനും സേവനങ്ങൾ ചെയ്യാനും സാധിച്ചുവെന്ന് പുഞ്ചിരിയോടെ മേരി ചേച്ചി പറയുന്നു. അംഗൻവാടി കുട്ടികൾക്കായുള്ള അമൃതംപൊടി ഉണ്ടാക്കുന്നതിന് ന്യൂട്രി മിക്സ് എന്ന സംരംഭം തുടങ്ങുകയും അതിലൂടെ വരുമാനം ഇല്ലാതിരുന്ന അഞ്ച് പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. അങ്ങാടിക്കടവ് വനിതാ ഹോട്ടൽ, കരിക്കോട്ടക്കരി അങ്ങാടിക്കടവ് മെഡിക്കൽ ലാബ്, എന്നിവയ്ക്ക് ചുക്കാൻ പിടിച്ചു. ആടു വളർത്തൽ, പശു വളർത്തൽ എന്നീ പ്രവർത്തനങ്ങൾക്കെല്ലാം സ്ത്രീകളെ പ്രചോദിപ്പിക്കുകയും അവർക്ക് നിരന്തരം ക്ലാസുകളും ട്രെയിനിങ്ങുകളും നൽകുകയും ചെയ്തു.

ചെയർപേഴ്സൺ സ്ഥാനത്ത് തുടരണം എന്ന അംഗങ്ങളുടെ ആവശ്യത്തെ മാനിച്ചുകൊണ്ട് ഇലക്ഷനിൽ പങ്കെടുത്തത്തെങ്കിലും ചിലരുടെ സ്വാർത്ഥ താത്പര്യം മൂലം പിന്തള്ളപ്പെട്ടു. പിന്നിൽ നിന്നുള്ള ഇത്തരം ഇടപെടലുകൾ വളരെയധികം വേദനിപ്പിച്ചു. കളക്ടറെ നേരിൽ പോയി കണ്ട് പരാതി നൽകി. തൽഫലമായി കേരളത്തിൽ ഒരു ഏകീകൃതമായ കുടുബശ്രീ ഇലക്ഷൻ നിലവിൽ വന്നു. 2015 ൽ ഇലക്ഷനിൽ വിജയിച്ച് വീണ്ടും ചെയർപേഴ്സണായി. എന്നാൽ ചില രാഷ്ട്രീയ ഇടപെടലുകൾ മൂലം തൽസ്ഥാനത്തു നിന്ന് പിൻവാങ്ങേണ്ടി വന്നു. പിന്നീട് അഞ്ച് വർഷം കൂമൻതോട് വാർഡ് മെമ്പറായി പ്രവർത്തിച്ചു.

'മെമ്പറായി പ്രവർത്തിച്ചെങ്കിലും ചെയർപേഴ്സണായി ഇരുന്നപ്പോഴാണ് ആഗ്രഹിച്ച രീതിയിൽ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചത്. ഇനിയും ചെയർപേഴ്സണായി സ്ത്രീകളെ മുൻനിരയിലേക്ക് എത്തിക്കണമെന്ന ആഗ്രഹമുണ്ട്. എന്നാൽ, പുതിയ തലമുറ കടന്നു വന്ന് പക്ഷപാതമില്ലാതെ അർപ്പണ ബോധത്തോടെ കാര്യങ്ങൾ ചെയ്യണം' മേരിചേച്ചി പറയുന്നു.

ഭർത്താവ് ജോസഫ്, മക്കളായ കവിത, സംഗീത, അനിത എന്നിവരുമടങ്ങുതാണ് മേരിചേച്ചിയുടെ കുടുംബം.

# പൾസ് പോളിയോ വിതരണം അങ്ങാടിക്കടവിൽ

**എലിസബത്ത് ടി സാബു**



വാത്സല്യത്തിന്റെ തുള്ളികൾ.. പൾസ് പോളിയോ സ്വീകരിക്കുന്ന കുഞ്ഞ്

അങ്ങാടിക്കടവ്: പോളിയോ നിർമാർജ്ജന യജ്ഞത്തിന്റെ ഭാഗമായി അങ്ങാടിക്കടവ് പി എച്ച് സി യിൽ ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ പൾസ് പോളിയോ വിതരണം നടന്നു. മൂന്ന് ദിവസങ്ങളിലായി നടന്ന പൾസ് പോളിയോ വിതരണത്തിൽ അങ്ങാടിക്കടവ് പി എച്ച് സി പരിതിയിലെ അഞ്ച് വയസിനു താഴെയുള്ള 677 കുട്ടികളിൽ 663 പേർ വാക്സിൻ സ്വീകരിച്ചു. 16 ബൂത്തുകൾ സജ്ജമായിരുന്നു. രാവിലെ 8 മുതൽ വൈകിട്ട് 5 വരെയാണ് വാക്സിൻ വിതരണം നടന്നത്. ആദ്യദിവസം തന്നെ 94 ശതമാനം കുട്ടികളും വാക്സിൻ സ്വീകരിച്ചു.

'ബൂത്തുകളിലെത്തി വാക്സിൻ സ്വീകരിക്കാൻ സാധിക്കാത്തവർക്ക് ആരോഗ്യ പ്രവർത്തകരുടെയും ആശ വർക്കർമാരുടെയും നേതൃത്വത്തിൽ ഫെബ്രുവരി 28, മാർച്ച് 01 തീയതികളിൽ വീടുകളിലെത്തി വാക്സിൻ നൽകി. കോവിഡ് ബാധിച്ചതു മൂലം നിലവിൽ രണ്ട് കുട്ടികൾക്ക് വാക്സിൻ എടുക്കാൻ സാധിച്ചിട്ടില്ല. അവർക്ക് 28 ദിവസത്തിനു ശേഷം വാക്സിൻ നൽകും'.ആരോഗ്യ പ്രവർത്തക അംബിക പറഞ്ഞു.

# ആറാമത് പ്രൊഫഷണൽ സോഷ്യൽ വർക്ക് കോൺഫറൻസ് ഡോൺ ബോസ്കോയിൽ

**ജോജോ കെ ജെ**

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റും കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സും സംയുക്തമായി 'ഒപ്സ്റ്റ 2k22' നാഷണൽ കോൺഫറൻസും, സ്റ്റുഡന്റ്സ് സോഷ്യൽ വർക്ക് കോൺഗ്രസ്സും നടത്തി. മാർച്ച് 4, 5 തീയതികളിലായി നടത്തപ്പെട്ട കോൺഫറൻസിന്റെ ഉദ്ഘാടനം സാമൂഹ്യ പ്രവർത്തക ദയഭായ് നിർവഹിച്ചു. കോവിഡ് കാലഘട്ടത്തിൽ സോഷ്യൽ വർക്ക് വിദ്യാഭ്യാസവും പ്രവർത്തിപരിചയവും എന്നതായിരുന്നു കോൺഫറൻസിന്റെ മുഖ്യപ്രമേയം.

19 കോളേജുകളിൽ നിന്നും 107 വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടിയിൽ സോഷ്യൽ വർക്ക് മേഖലയിലെ പ്രശസ്തരായ ഫാ. പ്രശാന്ത് പാലക്കാപ്പിള്ളിൽ, ഡോ. ഐപ്പ് വർഗ്ഗീസ്, ലിഡ ജേക്കബ് IAS, ഡോ. അനിത എ. ക്ലാസുകൾ നയിച്ചു. വിവിധ മത്സരപരിപാടികളും കലാസന്ധ്യയും മത്സരാർത്ഥികൾക്കായി ഒരുക്കിയിരുന്നു. 'കേരളത്തിലെ സോഷ്യൽവർക്ക് കോളേജുകളിൽ ലോക്ഡൗണിനു ശേഷം നടക്കുന്ന ആദ്യത്തെ കോൺഫറൻസാണിത്. രണ്ട് വർഷമായി നടത്താൻ സാധിക്കാതിരുന്ന ഈ പരിപാടി വളരെ വിജയകരമായി നടത്താൻ സാധിച്ചതിൽ സന്തോഷമുണ്ട്'. സോഷ്യൽവർക്ക് ഡിപ്പാർട്മെന്റ് എച്ച് ഒ ഡി ഫാദർ സോജൻ പനച്ചിക്കൽ പറഞ്ഞു.

# പഞ്ചായത്തിൽ ശുചിത്വ പരിശോധന

**ആര്യ പ്രസന്നകുമാർ**

അങ്ങാടിക്കടവ്: സ്വച്ച് ഭാരത് മിഷന്റെ ഓപൺ ഡിഫക്കേഷൻ ഫ്രീ (ഒ ഡി എഫ് പ്ലസ്) സെർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ജില്ലാതല ശുചിത്വ പരിശോധന അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ പൂർത്തിയായി. ഹരിതമിഷൻ ജില്ലാകൺവീനർ കെ ആർ അജയകുമാറിന്റെ നേതൃത്വത്തിലുള്ള നാലംഗ സംഘമാണ് പരിശോധന നടത്തിയത്. പഞ്ചായത്തിലെ ജൈവ -അജൈവ മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കുന്നുവെന്നതും പൊതു ശൗചാലയങ്ങളുടെ പരിപാലനം എപ്രകാരമാണെന്നതുമായിരുന്നു പരിശോധനയുടെ പ്രധാന മാനദണ്ഡങ്ങൾ.

'പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ പരിസരപ്രദേശങ്ങളിൽ നിക്ഷേപിക്കാതിരിക്കാൻ ഹരിതകർമസേന കൃത്യമായി വീടുകൾക്കയറി പ്ലാസ്റ്റിക്ക്, ട്യൂബ്ലൈറ്റ്, തുണി, കുപ്പിച്ചില്ല് തുടങ്ങിയവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം സി എഫ്) യിലേക്ക് അയക്കുന്നുണ്ട്. ജൈവ മാലിന്യങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റേഷനുകളും റിംഗ് കംപോസ്റ്റ്, മണ്ണിര കംപോസ്റ്റ് എന്നിവയും ഉണ്ട്. കമ്മ്യൂണിറ്റി കംപോസ്റ്റിനായുള്ള പ്രവർത്തനങ്ങളും നടക്കുന്നതായി മനസിലാക്കുന്നു.' പരിശോധന നടത്തിയ ശുചിത്യമിഷൻ ജില്ലാകൺവീനർ ഇ കെ സോമശേഖർ പറഞ്ഞു.

'ഒ ഡി എഫ് പ്ലസ് പദവി ലഭിച്ചില്ലെങ്കിൽ പഞ്ചായത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ വൻകുറവുണ്ടാകാൻ സാധ്യതയുണ്ട്. നമ്മുടെ പഞ്ചായത്ത് മാലിന്യ മുക്തമായതുകൊണ്ട് പദവി ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനോടനുബന്ധിച്ച് തന്നെ പ്ലാസ്റ്റിക്ക് പൂർണമായി നിർത്തലാക്കുന്നതോടൊപ്പം ബദൽ ഉത്പന്നങ്ങൾ നിർമിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമായി'. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി സിന്ധു ബെന്നി പറഞ്ഞു.




For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: സോണറ്റ് മാത്യു, അനിൽ തോമസ് നല്ലൂർ. | എഡിറ്റർ ഇൻ ചാർജ്: സെബിമോൾ കെ വർഗ്ഗീസ്സ് | സബ് എഡിറ്റേഴ്സ്: എലിസബത്ത് റ്റി സാബു, നയന എം നായർ, ആര്യ പ്രസന്നകുമാർ, ശാനിബ ടി, റിം താഹി നാബം, ജോജോ കെ ജെ, അനഘ കെ ടി | ഫോട്ടോഗ്രഫേഴ്സ്: ജോജോ കെ ജെ | ഡിസൈൻ: എലിസബത്ത് റ്റി സാബു